**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 637** **02-02-2023 - ൽ മറുപടിയ്ക്ക്**

**ചെറുകിട വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള സഹായങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി ശശി** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | ചെറുകിട വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് വ്യവസായ വകുപ്പിൽ നിന്നും എന്തെല്ലാം സഹായങ്ങളും സേവനങ്ങളുമാണ് സംരംഭകർക്ക് നൽകി വരുന്നത്; വിശദമാക്കാമോ? | (എ) | പുതുതായി സംരംഭങ്ങൾ ആരംഭിക്കുവാൻ താൽപ്പര്യമുള്ള വ്യവസായ സംരംഭകർക്ക് പ്രോത്സാഹനം നൽകുന്നതിനായി സംരംഭക സഹായ പദ്ധതി, നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതി, ചെറുകിട യൂണിറ്റുകൾക്ക് നല്കുന്ന മാർജിൻ മണിഗ്രാന്റ് പദ്ധതി, ഒരു കുടുംബം ഒരു സംരംഭം പദ്ധതി, മാനുഫാക്ചറിംഗ് മേഖലയിലെ സ്റ്റാർട്ടപ്പുകൾക്കുള്ള സഹായ പദ്ധതി, നിലവിലുള്ള എം.എസ്.എം,ഇ കളിൽ സൂക്ഷ്മ സംരംഭങ്ങളിൽ നിന്നും ചെറുകിട സംരംഭങ്ങളായും, ചെറുകിട സംരംഭങ്ങളിൽ നിന്നും ഇടത്തരം സംരംഭങ്ങളായും ഉയർത്തിക്കൊണ്ടുവരുന്നതിനുള്ള സഹായം, കരകൗശല മേഖലയ്ക്കുള്ള ആശ പദ്ധതി, പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി (പി.എം.ഇ.ജി.പി) സൂക്ഷ്മ ഭക്ഷ്യ സംസ്കരണ മേഖലയ്ക്കായുള്ള പി.എം.എഫ്.എം.ഇ പദ്ധതി എന്നീ വിവിധങ്ങളായ ധനസഹായ പദ്ധതികൾ വ്യവസായ വകുപ്പ് വഴി നടപ്പിലാക്കി വരുന്നു.<br><br>സംസ്ഥാന നിയമങ്ങൾ പ്രകാരമുള്ള അനുമതികളിൽ നിന്ന് പുതിയതായി ആരംഭിക്കുന്ന ,മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവപ്പ് വിഭാഗത്തിൽ പെടാത്ത സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളെ മൂന്ന് വർഷത്തേക്ക് ഒഴിവാക്കിയിട്ടുണ്ട്. നിക്ഷേപം സംബന്ധിച്ച് സംരഭകൻ സമർപ്പിക്കുന്ന സ്വയം സാക്ഷ്യപത്രം ഓൺ ലൈൻ (കെ-സ്വിഫ്റ്റ്) മുഖാന്തിരം സ്വീകരിച്ച് ഭൗതിക പരിശോധന ഇല്ലാതെ ഉടൻ തന്നെ ജില്ലാ ഏകജാലക ക്ലിയറൻസ് ബോർഡ് കൈപ്പറ്റ് സാക്ഷ്യപത്രം നൽകുന്നു. ലഭിക്കുന്ന കൈപ്പറ്റ് സാക്ഷ്യപത്രത്തിന് മൂന്ന് വർഷം കാലാവധി ഉണ്ടാകും. മൂന്ന് വർഷത്തിന് ശേഷം 6 മാസത്തിനകം അനുമതികൾ സംരംഭകൻ കരസ്ഥമാക്കിയാൽ മതിയാകുന്നതാണ്. |

| | | | |
|---|---|---|---|
| | | | കൂടാതെ ജില്ലാ സംസ്ഥാന തലങ്ങളിൽ വ്യവസായികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി പരാതി പരിഹാര കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളുടെ പരിശോധനകൾ ഏകീകരിക്കുന്നതിനായി K-CIS സംവിധാനം നിലവിൽ വന്നിട്ടുണ്ട്.<br><br>ജില്ലാ വ്യവസായ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ചു വ്യവസായികളുടെ സംശയ ദൂരീകരണത്തിനായി വിദഗ്ധരുടെ പാനൽ സജ്ജമാക്കി, എംഎസ്എംഇ ക്ലിനിക്ക് പദ്ധതി ആരംഭിച്ചിട്ടുണ്ട്. വ്യവസായ വകുപ്പിനു കീഴിൽ ഉള്ള 59 താലൂക്ക് വ്യവസായ കേന്ദ്രങ്ങളെയും എന്റർപ്രൈസസ് ഫെസിലിറ്റേഷൻ സെന്ററുകളായി മാറ്റുകയും, അവിടെയെല്ലാം താലൂക്ക് റിസോഴ്സ്പേഴ്സൺമാരെ നിയമിക്കുകയും ചെയ്തു. എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും (14) ജില്ലാ റിസോഴ്സ്പേഴ്സൺമാരെ നിയമിച്ചു.<br><br>സംരംഭകർക്ക് വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന പരാതികൾ പരിഹരിക്കുന്നതിനായി നിലവിൽ വന്നിട്ടുള്ള സംവിധാനമാണ് പരാതി പരിഹാര സംവിധാനം (Grievance Redressal System). ഈ നിയമപ്രകാരം രൂപീകരിച്ചിട്ടുള്ള ജില്ലാ/ സംസ്ഥാന പരാതി പരിഹാര കമ്മിറ്റികൾ മുഖേനയാണ് ഈ സംവിധാനം പ്രവർത്തിക്കുന്നത്. 10 കോടിരൂപ വരെ നിക്ഷേപമുള്ള വ്യവസായ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പരാതികൾ ജില്ലാ കമ്മിറ്റിക്കും 10 കോടിയിൽ കൂടുതൽ നിക്ഷേപമുള്ള വ്യവസായ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പരാതികളും ജില്ലാ കമ്മിറ്റിയുടെ തീരുമാനത്തിനുമേലുള്ള അപ്പീലും സംസ്ഥാന കമ്മിറ്റിക്കുമാണ് നൽകേണ്ടത്. ഈ സംവിധാനം കാര്യക്ഷമമായും സമയബന്ധിതമായും പ്രവർത്തിപ്പിക്കുന്നതിനായി ഒരു ഓൺലൈൻ പോർട്ടൽ വികസിപ്പിച്ചിട്ടുണ്ട്.<br><br>കൂടാതെ GO(MS)No. 31/2022/ID തീയതി, 02.04.2022 ഉത്തരവ് പ്രകാരം Private Industrial Estate Scheme-ന് അനുമതി നൽകിയിട്ടുണ്ട്. ആയതിലൂടെ കൂടുതൽ നിക്ഷേപകരെ ആകർഷിക്കുന്നതിനും മികച്ച തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സാധിക്കുന്നതാണ്.<br><br>കൂടാതെ, ചെറുകിട വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് കെ.എസ്.ഐ.ഡി.സി മുഖേന നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ചീഫ് മിനിസ്റ്റേഴ്സ് സ്പെഷ്യൽ അസിസ്റ്റന്റ് സ്കീം. |

സെക്ഷൻ ഓഫീസർ